**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 5224

27.07.2015 -ൽ മറുപടിക്ക്

**സൗജന്യമായി പതിച്ചുകൊടുക്കുന്ന സർക്കാർ ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കോടികണക്കിന് രൂപ വിലമതിക്കുന്ന സർക്കാർ ഭൂമി സൗജന്യമായി പതിച്ചുകൊടുക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ 3041-ൽ പ്പെട്ട 3.5 സെന്റ് സ്ഥലം കൃഷ്ണപിള്ള ഫൗണ്ടേഷനും, 00.1497 ഹെക്ടർ സ്ഥലം കരുണാകര ഫൗണ്ടേഷനും സൗജന്യമായി അനുവദിച്ചിട്ടുണ്ട്. വഞ്ചിയൂർ വില്ലേജിൽ സർവ്വേ 2638-ൽ 2.43 ഏക്കർ സ്ഥലം പാളയം സി.എസ്.ഐ. ചർച്ചിനും 10 സെന്റ് സ്ഥലം ബേബി ജോൺ ഫൗണ്ടേഷനും സൗജന്യമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ സർവ്വെ 350/2-ൽപ്പെട്ട 43 സെന്റ് സ്ഥലം ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷനും, ഉള്ളൂർ വില്ലേജിൽ സർവ്വെ 564/5-ൽ 64 സ്ക്വയർ മീറ്റർ സ്ഥലം ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയത്തിനും സൗജന്യമായി പതിച്ച് നൽകിയിട്ടുണ്ട്.<br>ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ മുല്ലയ്ക്കൽ വില്ലേജിൽ 70.03 ആർ ഭൂമി 28.11.2014-ലെ ജി.ഒ(എം.എസ്) നമ്പർ 496/2014/റവന്യൂ പ്രകാരം സനാതന ധർമ്മ വിദ്യാശാലയ്ക്ക് പതിച്ച് നൽകിയിട്ടുണ്ട്.<br>കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ നഗരം വില്ലേജിൽ ടി.എസ്.10.1.4-ൽപ്പെട്ട 5 സെന്റ് ഭൂമി കാലിക്കറ്റ് പ്രസ് ക്ലബ്ബിന് സൗജന്യമായി പതിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിൽ ശാസ്തമംഗലം വില്ലേജിൽ സർവ്വേ നമ്പർ 597 - ൽ പെട്ട 50 സെന്റ് സ്ഥലവും 597/3-ൽ പെട്ട 7 സെന്റ് സ്ഥലവും ഉൾപ്പെടെ 57 സെന്റ് സ്ഥലം പതിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) | രമാദേവി ഭക്തമണ്ഡലിക്ക് പാട്ടത്തിന് അനുവദിച്ചിരുന്നതും ശാസ്തമംഗലം വില്ലേജിൽ സർവ്വെ 597, 597/3-ൽപ്പെട്ടതുമായ 57 സെന്റ് സ്ഥലം ടി സ്ഥാപനത്തിന് പാട്ടക്കുടിശ്ശിക ഒഴിവാക്കി സൗജന്യമായി പതിച്ച നൽകി 15.07.2015-ലെ ജി.ഒ(എം.എസ്) 319/2015/റവന്യൂ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത ഭൂമിക്ക് പാട്ടക്കുടിശ്ശിക അടയ്ക്കുവാനുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി ; എന്നുമുതലാണ് കുടിശ്ശിക ഉള്ളത്; ആരാണ് കുടിശ്ശികക്കാരൻ; വിവരിക്കുമോ ; | (സി) | പാട്ടക്കുടിശ്ശിക അടയ്ക്കാനുണ്ട്. പ്രസ്തുത 57 സെന്റ് ഭൂമി രമാദേവി ഭക്തമണ്ഡലി എന്ന സ്ഥാപനത്തിന് 1956 മുതൽ കുത്തകപാട്ടം അനുവദിച്ചിരുന്നതും 31.03.2014 വരെ 1,63,62,683/- രൂപ പാട്ടക്കുടിശ്ശിക അടയ്ക്കാനുള്ളതാണ്. |
| (ഡി) | സൗജന്യമായി പ്രസ്തുത ഭൂമി പതിച്ച് കൊടുക്കുന്നതിന്റെ മാനദണ്ഡം എന്താണ്; | (ഡി) | സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ചാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുള്ളത് |
| (ഇ) | ഇതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ഇ) | പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്